(ബി) മൂന്നാറിൽ സാഹസിക ടൂറിസം പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു ബ്രൃഹത് പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മൗണ്ടനീയറിംഗ്, റോവിംഗ് മുതലായ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(സി) ഇത് പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ

43(1819) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കണ്വതീർത്ഥം, മഞ്ചേശ്വരം ജയിൻടെമ്പിൾ, ആരിക്കാടിക്കോട്ട തുടങ്ങിയവ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വികസന പദ്ധതികൾ എങ്ങനെയൊക്കെയാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും എന്തു തുക ചെലവ് വേണ്ടിവരും ?

ഉത്തരം

(എ,ബി&സി) കാസർകോട് ജില്ലയിലെ കണ്വതീർത്ഥം, മഞ്ചേശ്വരം ജയിൻടെമ്പിൾ, ആരിക്കാടിക്കോട്ട എന്നീ സ്ഥലങ്ങളുടെ ടൂറിസം വികസനത്തിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ്. അവ ലഭിക്കുന്ന മുറയ്ക്ക് അതിൻമേലുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം-കാസർഗോഡ് ജലപാത സഞ്ചാരയോഗ്യമാക്കാൻ നടപടി

44(1820) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ജലപാത തുറന്ന് സഞ്ചാരയോഗ്യമാക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർദ്ദിഷ്ട പദ്ധതിയുടെ മൊത്തം ചെലവ് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പദ്ധതിയുടെ പ്രവർത്തനത്തിനായി എന്ത് ചെലവ് പ്രതിക്ഷീക്കുന്നുഎന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസം വികസനത്തിനുള്ള തിരുവനന്തപുരം-കാസർഗോഡ് ജലപാത വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ജലപാതയുടെ വികസനത്തോടൊപ്പം സംസ്ഥാന റെയിൽ ടൂർ പാക്കേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(ജി) എങ്കിൽ സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന റെയിൽ ടൂർ പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് തിരുവനന്തപുരം-കാസർഗോഡ് ജലപാത വികസന പദ്ധതിയും റെയിൽ ടൂർ പാക്കേജുകളും സംസ്ഥാനത്ത് സമയബന്ധിതമായി നടപ്പാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമന്ത്രി കേരള സന്ദർശന വേളയിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ കാസർകോട് വരെ സഞ്ചരിക്കാൻ പാകത്തിൽ ഒരു ജലപാത സജ്ജീകരിക്കുന്നതിനായി 154.68 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പ് കേന്ദ്രഗവൺമെന്റിന്റെ അംഗികാരത്തിനും സാമ്പത്തിക സഹായത്തിനുമായി സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. മൂന്ന് മേഖലകളായി തിരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരം-കൊല്ലം മേഖലയ്ക്ക് 28.77 കോടി രൂപ, കൊല്ലം-കൊച്ചി മേഖലയ്ക്ക് 11.22 കോടി രൂപ, കൊച്ചി-കാസർകോട് മേഖലയ്ക്ക് 57.11 കോടി രൂപ എന്ന കണക്കിലാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ജലപാതയിൽ വിട്ടുപോയിട്ടുള്ള പ്രദേശങ്ങൾകൂടി ചേർക്കാൻ 57.58 കോടിരൂപ വകയിരുത്തും, വടകര, കണ്ണൂർ ഭാഗങ്ങളിൽ 60 കിലോമീറ്റർ ഇപ്രകാരമുള്ളതാണ്. വർക്കല ഭാഗത്തെ രണ്ട് തുരങ്കങ്ങൾ ജലപാതയുടെ ആകർഷണീയതകളായിരിക്കും. ഇവയിൽ ശിവഗിരിയിലെ 722 മീറ്റർ നീളമുള്ള തുരങ്കം, ജലപാതയിലെ ഏറ്റവും ദൈർഘ്യമേറിയ തുരങ്കമായിരിക്കും. ചിലക്കൂരിലെ 350 മീറ്റർ തുരങ്കവും ജലപാതയുടെ ഭാഗമാണ്. വേമ്പനാട്, അഷ്ടമുടി, കായംകുളം കായലുകളിലൂടെ കടന്നുപോകുന്ന ആലപ്പുഴ വഴിയുള്ള കൊല്ലം-കൊച്ചി ജലപാത 168 കിലോമീറ്ററാണ്. കൊച്ചി-കാസർകോട് മേഖല 391 കിലോമീറ്റർ വരും.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. 154.68 കോടി രൂപ.

(ഇ) പദ്ധതി അനുമതിക്കും സാമ്പത്തിക സഹായത്തിനുമായി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(എഫ്-എച്ച്) റെയിൽ ടൂർ പാക്കേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കെ.റ്റി.ഡി.സി.യും റെയിൽവേ അധികാരികളും തമ്മിൽ ചർച്ച നടന്നുവരുന്നു. സർക്കാർ തലത്തിലും ഇക്കാര്യം റെയിൽവേ മന്ത്രിയുൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങളിൽ അന്തിമ തീരുമാനമായിട്ടില്ല.

ഗുരുവായൂർ ഗവൺമെന്റ് ഗസ്റ്റ്ഹൗസ്

45(1822) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയിട്ട് എത്ര കാലമായി ;

(ബി) ഗുരുവായൂർ ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് തുറന്ന് കൊടുക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ഗസ്റ്റ്ഹൗസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി തുറന്ന് കൊടുക്കുന്നതിന് ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോ ;

(ഡി) ഗുരുവായൂർ ഗവൺമെന്റ് ഗസ്റ്റ്ഹൗസ് ഉടൻ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ തുടങ്ങിയിട്ട് 10 മാസത്തോളമായി.

(ബി) ഈ മാസം തന്നെ തുറന്ന് കൊടുക്കാനുദ്ദേശിക്കുന്നു.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

വർക്കലയിലെ കനാൽ വികസനം

46(1823) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസവുമായി ബന്ധപ്പെടുത്തി വർക്കലയിലെ നെടുങ്കണ്ട മുതൽ നടയറ വരെയുള്ള കനാൽ വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിലേയ്ക്ക് എന്തു തുക വേണ്ടിവരുമെന്നും പദ്ധതി നടപ്പാക്കുന്ന ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly